# കേരള സംസ്ഥാന ശിശുക്ഷേമ സമിതി

തൈയ്ക്കാട്, തിരുവനന്തപുരം – 695 014, കേരളം, ഇന്ത്യ.

3418

അഡ്വ. ദീപക് എസ്. പി.
ജനറൽ സെക്രട്ടറി

നംപർ : എ.3/241 /2017/കേ.സം.ശി.ക്ഷേ.സ 10.10.2017

13/10/17

ജില്ലാ/ഉപജില്ലാ വിദ്യാഭ്യാസ ആഫീസർ

.........ആലുവ.........

.........എറണാകുളം.........

സർ/മാഡം,

**വിഷയം :** കേരള സംസ്ഥാന ശിശുക്ഷേമ സമിതി – ശിശുദിന സ്റ്റാമ്പിന്റെ ചിത്രരചനകൾ ക്ഷണിക്കുന്നത് സംബന്ധിച്ച്.

ഈ വർഷത്തെ (2017) ശിശുദിന സ്റ്റാമ്പിന് അനുയോജ്യമായ ചിത്രം തെരഞ്ഞെടുക്കുന്നതിന് 9 മുതൽ 17 വയസ്സുവരെ പ്രായമുള്ള കുട്ടികളിൽ നിന്നും സംസ്ഥാന ശിശുക്ഷേമ സമിതി ചിത്രരചനകൾ ക്ഷണിക്കുവാൻ തീരുമാനി ച്ചിരിക്കുന്നു. ഇത് സംബന്ധിച്ച വിശദവിവരങ്ങൾ അടങ്ങിയ അറിയിപ്പിന്റെ പകർപ്പും ഇതോടൊപ്പം ഉള്ളടക്കം ചെയ്യുന്നു. ശിശുക്ഷേമ സമിതിയിൽ ചിത്രരചനകൾ ലഭി ക്കേണ്ട അവസാന തീയതി **2017 ഒക്ടോബർ മാസം 28** ആണ്. എല്ലാ വിദ്യാലയ ങ്ങളിലും ഇതു സംബന്ധിച്ച വിവരങ്ങൾ നൽകണമെന്ന് അഭ്യർത്ഥിക്കുന്നു.

സഹകരണം പ്രതീക്ഷിച്ചുകൊണ്ട്

വിശ്വസ്തതയോടെ,

**അഡ്വ. ദീപക്.എസ്.പി**
**ജനറൽ സെക്രട്ടറി**


ഫോൺ : +91–471–2329932, 2324939, 2324932
മൊബൈൽ : +91 9447795763, ഫാക്സ് : +91–471–2321963
ഇമെയിൽ: childwelfarekerala@gmail.com adv.deepaksp@gmail.com

## ശിശുദിന സ്റ്റാമ്പ് - 2017 - മാർഗ്ഗ നിർദ്ദേശങ്ങൾ

കേന്ദ്ര ഗവൺമെന്റ് സംസ്ഥാന സർക്കാരുകൾക്കായി അനുവദിച്ച ചൈൽഡ് ഹെൽപ്പ് ലൈൻ ടോൾഫ്രീ നമ്പർ 1517-നെ കേരള സംസ്ഥാന ശിശുക്ഷേമ സമിതി കേരള സർക്കാരുമായി ചേർന്ന് **'തണൽ'** എന്ന പേരിൽ വിപുലമായ ഒരു പദ്ധതി യായി 2017 നവംബർ ഒന്ന് - കേരളപ്പിറവി ദിനത്തിൽ ഔദ്യോഗികമായി പ്രാബല്യ ത്തിൽ വരുത്തുവാൻ ഉദ്ദേശിക്കുന്നു.

ആയതിനാൽ ഈ വർഷത്തെ (2017) ശിശുദിന സ്റ്റാമ്പ് ചിത്രരചനാ മത്സര ത്തിന് സമിതി തിരഞ്ഞെടുത്തിരിക്കുന്ന വിഷയവും **ചൈൽഡ് ഹെൽപ്പ് ലൈൻ നമ്പർ : 1517 - കുട്ടികൾക്ക് തണൽ** എന്നാണ്.

ചൈൽഡ് ഹെൽപ്പ് ലൈൻ നമ്പർ 1517-നെ തണൽ എന്ന ആശയവു മായി സമന്വിയിപ്പിച്ചാണ് ചിത്രങ്ങൾ രചിക്കേണ്ടത്. 9 വയസ്സു മുതൽ 17 വയസ്സു വരെ പ്രായമുള്ള കുട്ടികൾക്ക് ചിത്രരചനാ മത്സരത്തിൽ പങ്കെടുക്കാവുന്നതാണ്. ചിത്രങ്ങൾക്ക് ജലഛായം, പോസ്റ്റർ കളർ, ക്രയോൺസ്, ഓയിൽ പെയിന്റ് ഇവ യിൽ ഏതെങ്കിലും ഒന്ന് ഉപയോഗിക്കാവുന്നതാണ്. പേപ്പറിന്റെ വലിപ്പം 12 x 9 സെന്റീമീറ്റർ അനുപാതത്തിൽ ആയിരിക്കണം.

സ്റ്റാമ്പിന്റെ വലിപ്പത്തിലേയ്ക്ക് ചിത്രം ചെറുതാക്കുന്നതു മൂലം വിശദാംശങ്ങൾ അസ്പഷ്ടമാകാൻ ഇടയുള്ളതുകൊണ്ട് ചിത്രത്തിന് തെരഞ്ഞെ ടുക്കേണ്ട നിറം, പശ്ചാത്തല രേഖകൾ ഇവ കൂടുതൽ സങ്കീർണ്ണമാകാതിരിക്കാൻ ശ്രദ്ധിക്കണം.

തെരഞ്ഞെടുത്ത ചിത്രം വരച്ച വിദ്യാർത്ഥിക്ക് സമ്മാനവും സമ്മാനാർഹ മായ വിദ്യാർത്ഥി പഠിക്കുന്ന സ്കൂളിനു റോളിംഗ് ട്രോഫിയും നൽകുന്നതാണ്. വിദ്യാർത്ഥിയുടെ പേര്, വയസ്സ്, മേൽവിലാസം, പഠിക്കുന്ന ക്ലാസ്സ് എന്നിവ ചിത്ര ത്തിന്റെ മറുപുറത്ത് എഴുതി സ്കൂളിലെ പ്രിൻസിപ്പൽ ഹെഡ്മാസ്റ്റർ/ഹെഡ്മി സ്ട്രസ്സ് സാക്ഷ്യപ്പെടുത്തണം.

ചിത്രരചനകൾ ജനറൽ സെക്രട്ടറി, കേരള സംസ്ഥാന ശിശുക്ഷേമ സമിതി, തൈക്കാട് , തിരുവനന്തപുരം-14 എന്ന വിലാസത്തിൽ നേരിട്ടോ തപാൽ വഴിയോ **2017 ഒക്ടോബർ 28-ാം തീയതി വരെ** എത്തിക്കാവുന്നതാണ്.

കവറിനു പുറത്ത് **'ചൈൽഡ് ഹെൽപ്പ് ലൈൻ നമ്പർ : 1517 - കുട്ടി കൾക്ക് തണൽ '**എന്ന് എഴുതിയിരിക്കണം.

ഉത്തരവ് നം. ബി/F/3418/17 തീയതി 10/17

കത്തിന്റെ പകർപ്പ് എല്ലാ പ്രധാനാധ്യാപകർക്കും ആവശ്യമായ തുടർനടപടികൾ സ്വീകരിക്കുന്നതിനായി നൽകുന്നു.

17/10

ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർ
അഞ്ചൽ.

17/10/17